## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2179 — 18.06.2013 ലെ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. നൈപുണ്യ വികസന വായ്പാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. നൈപുണ്യവികസന വായ്പ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; . | (എ) & (ബി) | ഉദ്ദേശിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനുശേഷം അതിനനുസൃതമായ തൊഴിൽ നേടുവാൻ വേണ്ട നിർണ്ണായകമായ ആശയ വിനിമയ ചാതുര്യം, സാങ്കേതിക, കംപ്യൂട്ടർപരിജ്ഞാനം എന്നിവ വികസിപ്പിക്കുവാൻ ഉതകുന്ന കോഴ്സുകളിൽ ചേരാനുള്ള വായ്പ നൽകാനുള്ള പദ്ധതിയാണിത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ പദ്ധതിയിൽ പങ്കെടുപ്പിക്കുന്നത്; | (സി) | പത്താം ക്ലാസ്സും അതിനുശേഷവുമുള്ള ഉന്നത വിദ്യാഭ്യാസം നേടിയവരെയാണ് ഈ പദ്ധതിയിൽ പങ്കെടുപ്പിക്കുന്നത്. |
| (ഡി) | എന്തെല്ലാം പ്രയോജനങ്ങളാണ് ഇതുവഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ? | (ഡി) | കേരളത്തിലെ യുവജനങ്ങൾ ഉന്നത വിദ്യാഭ്യാസവും കഴിവും ഉള്ളവർ ആണെങ്കിലും അതിനനുസൃതമായ തൊഴിൽ നേടുവാൻ വേണ്ട നിർണ്ണായകമായ ആശയ വിനിമയ ചാതുര്യം, സാങ്കേതിക, കംപ്യൂട്ടർപരിജ്ഞാനം എന്നിവയുടെ പോരായ്മകൾ മൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു. ഇത്തരം കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിന് ഉതകുന്ന കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ കേരളത്തിൽ തന്നെയുണ്ട്. സാമ്പത്തിക വൈഷമ്യം കാരണം നിരവധി യുവാക്കൾക്ക് ഇത്തരം കോഴ്സുകളിൽ ചേരുവാൻ കഴിയുന്നില്ല. ഈ അവസ്ഥ മാറ്റുന്നതിനാണ് ഈ പുതിയ വായ്പ പദ്ധതി ആവിഷ്കരിച്ചത്. |

സെക്ഷൻ ഓഫീസർ.